# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നേമം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/TVM/BP/732-/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 07/06/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നേമം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : നേമം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നേമം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മിഷണർ(ജനറൽ), തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/TVM/BP/732-/2022 തീയ്യതി: 07/06/2022

## തിരുവനന്തപുരം ജില്ലയിലെ നേമം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ നേമം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ഷീല ഉബാൾഡ് | ജോയിന്റ് ഡയറക്ടർ | 05-04-2022 | 16-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 05-04-2022 | 16-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1)ശ്രീമതി.ലതാകുമാരി.എം. ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
2)ശ്രീമതി.പ്രിയദർശിനി.എസ്.ആർ, ഓഡിറ്റർ
3)ശ്രീമതി.കല.പി, ഓഡിറ്റർ
4)ശ്രീമതി.ആര്യാകൃഷ്ണൻ.എ.ആർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.എൽ.ശകുന്തളകുമാരി | പ്രസിഡന്റ് | 01-04-2020 | 30-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 01-12-2020 | 21-12-2020 |
| ശ്രീമതി.എസ്.കെ.പ്രീജ | പ്രസിഡന്റ് | 22-12-2020 | 31-03-2021 |
| ശ്രീ.കെ.അജികുമാർ | സെക്രട്ടറി | 01-04-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ഹസ്ന മോൾ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2020 | 01-06-2020 |
| ശ്രീമതി.ദിഷാ മണിയൻ.ആർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 02-06-2020 | 06-08-2020 |
| ശ്രീ.ലിജു.എൽ.എസ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 07-08-2020 | 31-03-2021 |
| ശ്രീമതി.ഉഷ.കെ.നായർ | എസ് സി ഡി ഒ ഗ്രേഡ് 1 | 01-04-2020 | 28-07-2020 |
| ശ്രീ.ഹരികൃഷ്ണൻ | എസ് സി ഡി ഒ ഗ്രേഡ് 1 | 29-07-2020 | 31-03-2021 |
| ശ്രീമതി.നദീറ ബീഗം | വ്യവസായ വികസന ഓഫീസർ | 01-04-2020 | 15-11-2020 |
| ശ്രീ.ഷെഫിൻ.എം.ബി | വ്യവസായ വികസന ഓഫീസർ | 16-11-2020 | 31-03-2021 |
| ശ്രീമതി.യമുന.വി.കെ | സി ഡി പി ഒ നേമം | 01-04-2020 | 31-03-2021 |
| ശ്രീമതി.റോഷ്നി.എ | സി ഡി പി ഒ നേമം അഡിഷണൽ | 01-04-2020 | 14-09-2020 |
| ഡോ.ടിൻസി രാമകൃഷ്ണൻ | സി ഡി പി ഒ നേമം അഡിഷണൽ | 15-09-2020 | 31-03-2021 |
| ശ്രീമതി.ഷൈലജാബീവി എ കെ | ക്ഷീര വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.റീജ.എസ്.ധരൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2020 | 05-06-2020 |
| ശ്രീ.ജയറാം.ജെ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 06-06-2020 | 30-10-2020 |
| ശ്രീമതി.ജ്യോതി.വി.ആർ | കൃഷി അസിസ്റ്റന്റ് | 30-10-2020 | 31-03-2021 |

| | | | |
|---|---|---|---|
| | ഡയറക്ടർ | | |
| ഡോ.എലിസബത്ത് ചീരൻ | മെഡിക്കൽ ഓഫീസർ , സി.എച്ച്.സി, വിളപ്പിൽ | 01-04-2020 | 31-03-2021 |
| ഡോ.ഗായത്രി.എൽ.കെ | സൂപ്രണ്ട്, സി.എച്ച്.സി, മലയിൻകീഴ് | 01-04-2020 | 04-08-2020 |
| ഡോ.കാവേരി വർമ്മ | സൂപ്രണ്ട്, സി.എച്ച്.സി, മലയിൻകീഴ് | 05-08-2020 | 06-12-2020 |
| ഡോ.ഷീജ.പി.കെ | സൂപ്രണ്ട്, സി.എച്ച്.സി, മലയിൻകീഴ് | 07-12-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: KALA P. (Auditor, On 17-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 02-06-2022) | 1-1 |
| 2 | ബജറ്റ് രൂപീകരണം-- അപാകതകൾ<br>Written By: KALA P. (Auditor, On 17-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 04-06-2022) | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക<br>Written By: Arya Krishnan A.R (Auditor, On 17-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 04-06-2022) | 1-2 |
| 4 | വാർഷിക ധനകാര്യ പത്രിക- അപാകങ്ങൾ<br>Written By: Arya Krishnan A.R (Auditor, On 17-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 04-06-2022) | 1-2-1 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Arya Krishnan A.R (Auditor, On 17-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 02-06-2022) | 1-3 |
| 6 | പദ്ധതി അവലോകനം<br>Written By: Arya Krishnan A.R (Auditor, On 17-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 04-06-2022) | 1-4 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Arya Krishnan A.R (Auditor, On 17-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 02-06-2022) | 1-5 |
| 8 | ക്യാഷ് പരിശോധന<br>Written By: Arya Krishnan A.R (Auditor, On 17-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 02-06-2022) | 1-6 |
| 9 | തൊഴിലുറപ്പ് പദ്ധതി<br>Written By: Arya Krishnan A.R (Auditor, On 17-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 02-06-2022) | 1-7 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Lathakumari M (Audit Officer, On 17-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 02-06-2022) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: Lathakumari M (Audit Officer, On 24-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 02-06-2022) | 1-9 |
| 12 | ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല 13587/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Priyadarshini.S.R (Auditor, On 18-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 02-06-2022) | 1-10 |
| 13 | മോഡുലാർ ഫാർമസി പ്രവർത്തനം ആരംഭിച്ചിട്ടില്ല-699360/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു<br>Written By: Priyadarshini.S.R (Auditor, On 18-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 02-06-2022) | 1-11 |
| 14 | വിനിയോഗരേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: Priyadarshini.S.R (Auditor, On 18-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 02-06-2022) | 1-12 |
| 15 | സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി തുക അനുവദിച്ചത് ക്രമപ്രകാരമല്ല<br>Written By: Arya Krishnan A.R (Auditor, On 17-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 04-06-2022) | 1-13 |
| 16 | വിനിയോഗസാക്ഷ്യ പത്രം ലഭ്യമല്ല. | 1-14 |

| | | |
|---|---|---|
| | Written By: Lathakumari M (Audit Officer, On 17-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 02-06-2022) | |
| 17 | PMAY പദ്ധതി-തുക കൈപ്പറ്റി വർഷങ്ങൾ കഴിഞ്ഞിട്ടും വീടു പൂർത്തിയായില്ല.<br>Written By: Lathakumari M (Audit Officer, On 17-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 02-06-2022) | 1-15 |
| 18 | KWA ,KSEBനിർവ്വഹിച്ച പദ്ധതികൾ-അപാകങ്ങൾ.<br>Written By: Lathakumari M (Audit Officer, On 17-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 02-06-2022) | 1-16 |
| 19 | സാക്ഷരതാ മിഷൻ തുല്യതാ പരീക്ഷ-അപാകങ്ങൾ<br>Written By: Lathakumari M (Audit Officer, On 17-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 02-06-2022) | 1-17 |
| 20 | ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ ചെയ്യുന്നതിനു ഇലക്ട്രിക്ക് ലൈസൻസുള്ള കരാറുകാർക്ക് നൽകണം<br>Written By: Lathakumari M (Audit Officer, On 17-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 02-06-2022) | 1-18 |
| 21 | ക്ഷീര സമൃദ്ധി (ജനറൽ )വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.<br>Written By: KALA P. (Auditor, On 17-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 02-06-2022) | 1-19 |
| 22 | ക്ഷീരസമൃദ്ധി വനിത -- ഫയലുകളും രജിസ്റ്ററും മറ്റു അനുബന്ധരേഖകളും ഓഡിറ്റിൽ ഹാജരാക്കിയില്ല 2300000/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: KALA P. (Auditor, On 17-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 02-06-2022) | 1-20 |
| 23 | ക്ഷീരസമൃദ്ധി-- ജനറൽ ഫയലുകളും രജിസ്റ്ററും മറ്റു അനുബന്ധരേഖകളും ഓഡിറ്റിൽ ഹാജരാക്കിയില്ല 250535/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: KALA P. (Auditor, On 17-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 02-06-2022) | 1-20-1 |
| 24 | പഴയ വാഹനം-ലേലം ചെയ്യണം<br>Written By: Lathakumari M (Audit Officer, On 24-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 02-06-2022) | 1-21 |
| 25 | മലയിൻകീഴ് ഗവ.ഹയർസെക്കന്ററി സ്കൂളിന്റെ നവീകരണത്തിന് ബ്ളോക്ക് പഞ്ചായത്തു വിഹിതം-അപാകങ്ങൾ<br>Written By: Lathakumari M (Audit Officer, On 24-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 04-06-2022) | 1-22 |
| 26 | മരാമത്ത് പ്രവൃത്തികൾ-പൂർത്തീകരണ കാലാവധി അധികരിച്ചിട്ടും,പിഴപ്പലിശ ഈടാക്കിയില്ല<br>Written By: Lathakumari M (Audit Officer, On 24-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 02-06-2022) | 1-23 |
| 27 | ഇലക്ട്രിക്കൽ പ്രവൃത്തികൾ-പ്രതിഫലം നൽകിയതിന്റെ വിശദാംശം ലഭ്യമല്ല.<br>Written By: Lathakumari M (Audit Officer, On 24-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 02-06-2022) | 1-24 |
| 28 | ഇ-ടെണ്ടർ വിഹിതം ക്രെഡിറ്റു ചെയ്തിട്ടില്ല<br>Written By: Lathakumari M (Audit Officer, On 27-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 02-06-2022) | 1-25 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Arya Krishnan A.R (Auditor, On 17-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 04-06-2022) | 4-1 |

| | | |
|---|---|---|
| 2 | നിക്ഷേപ പ്രവൃത്തികൾ<br>Written By: Arya Krishnan A.R (Auditor, On 17-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 02-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Arya Krishnan A.R (Auditor, On 17-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 02-06-2022) | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Arya Krishnan A.R (Auditor, On 17-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 02-06-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Arya Krishnan A.R (Auditor, On 17-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 02-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Arya Krishnan A.R (Auditor, On 17-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 02-06-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഖണ്ഡികകളുടെ വിവരം<br>Written By: Arya Krishnan A.R (Auditor, On 17-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 02-06-2022) | 4-7 |
| 8 | ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Arya Krishnan A.R (Auditor, On 17-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 02-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Arya Krishnan A.R (Auditor, On 17-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 04-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Arya Krishnan A.R (Auditor, On 17-04-2022)<br>Last Updated By: Shiela Ubald (Joint Director, On 07-06-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2020-21-ലെ ബജറ്റ് 27/03/2021-ലെ 1-ാം നം കമ്മിറ്റി തീരുമാനപ്രകാരം അംഗീകരിച്ച

പ്രതീക്ഷിത വരവ് മുന്നിരിപ്പ് ഉൾപ്പെടെ 531761480/- രൂപയും പ്രതീക്ഷിത ചെലവ് 528702310/- രൂപയുമാണ്. നീക്കിയിരിപ്പ് 3059170/- രൂപയുമാണ്.

### 1-1-1 ബജറ്റ് രൂപീകരണം-- അപാകതകൾ

1. ബ്ളോക്ക് പഞ്ചായതതിന്റെ 2020-21 വർഷത്തെ ബജറ്റ് ശുപാർശകൾ ഉൾപ്പെട്ട ഫയൽ പരിശോധനയ്ക്ക് ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

2. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 214-ാം വകുപ്പ് പ്രകാരം 28.03.2011 ലെ എസ് ആർ എ നമ്പർ 266/2011 നമ്പർ വിജ്ഞാപനം പ്രകാരം ബജറ്റ് തയാറാക്കേണ്ടതാണ്. വാർഷിക ബജറ്റ് ഫങ്ഷൻ ഫങ്ഷനറി അക്കൗണ്ട് കോഡ് അടിസ്ഥാനത്തിൽ തയ്യാറാക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. ആയതിനാൽ ബജറ്റിൽ ഉൾപ്പെടാത്ത ചെലവുകളുടെ വിവരവും ബജറ്റിൽ ഉൾപ്പെടുത്തിയതിനേക്കാൾ കൂടുതൽ തുക ചെലവഴിച്ചതിന്റെ വിവരവും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3. ബജറ്റ് നടപടിക്രമങ്ങളുടെ വിവരവും ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല .

മേൽ സൂചിപ്പിച്ച വസ്തുതകൾക്കാവശ്യമായ വിശദീകരണം ആവശ്യപ്പെട്ട് 11/04/2022-നൽകിയ ഓഡിറ്റ് എൻക്വയറി 12/20-21 ന് മറുപടി ലഭ്യമാക്കിയില്ല.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 29.07.2021 |

### 1-2-1 വാർഷിക ധനകാര്യ പത്രിക- അപാകങ്ങൾ

2020-21 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ലഭ്യമല്ല. തൻവർഷം സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകയുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. എ എഫ് എസ് പ്രകാരം 320700208- Contributions For Joint Venture Projects (For Centrally Sponsored Scheme)- From Village Panchayats ഇനത്തിൽ 1489995/- രൂപയുടെ മുന്നിരിപ്പും, 2683297/- രൂപയുടെ വരവും, 2751264/- രൂപയുടെ നീക്കിയിരിപ്പുമുണ്ട്.
2.ഡെപ്പോസിറ്റ് വർക്കുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻബാക്കി (എ.എഫ്. എസ് പ്രകാരം) | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | കേരള വാട്ടർ അതോറിറ്റി | ബ്ലോക്ക് പരിധിയിലെ വിവിധ സ്ഥലങ്ങളിൽ പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | 10429055 | 1529900 | - | 11958955 |

| | | | | | | |
|---|---|---|---|---|---|---|
| 2 | കെ.എസ് ഇ.ബി | ബ്ലോക്ക് പരിധിയിലെ വിവിധ സ്ഥലങ്ങളിൽ വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 2396950 | 1767425 | - | 4164375 |

* നിക്ഷേപ പ്രവൃത്തിയ്ക്ക് നൽകിയ തുകയുടെ വിവരങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

3.വായ്പ/ വായ്പ തിരിച്ചടവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇ.എം.എസ് ലോൺ | സ.ഉ (സാധാ) 1030/10/ തസ്വഭവ തീയതി 25.03.2010 | 31144300 | 948622 | 948622 | - |
| **ഐ.എ.വൈ ലോൺ കല്ലിയൂർ കോ-ഓപ്പറേറ്റീവ് ബാങ്ക് | സ.ഉ (എം.എസ്) 90/13/ തസ്വഭവ തീയതി 14.03.2013 | 6000000 | 4521200 | 2165808* | 2355392 |

* സെക്രട്ടറിയുടെ 15/21 നമ്പർ പ്രോജക്ട് പ്രകാരം 2165808/- രൂപയുടെ തിരിച്ചടവ് ഉണ്ട്.

** ലോൺ വിവരങ്ങൾ എ എഫ് എസ്-ൽ ഉൾപ്പെടുത്തിയിട്ടില്ല.

4.B-5 Secured Loans ഇനത്തിൽ എ എഫ് എസ് പ്രകാരം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക 3303934/- രൂപയാണ്. ആയത് ഏത് ലോണുമായി ബന്ധപ്പെട്ട് തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുകയാണ് എന്നത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല.

5.B-11 (A) Capital Work In Progress ഇനത്തിൽ Part Bill-ആയി നൽകിയ തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

6.സ്റ്റോക്കുകളുടെ മൂല്യനിർണ്ണയം നടത്തി B-14 Stock In Hand (Inventories)- ൽ ഉൾപ്പെടുത്തിയിട്ടില്ല.

7. RP-40 (B)/ B-17 പ്രകാരം Treasury Special TSB- Joint Venture അക്കൗണ്ടിന്റെ നീക്കിയിരിപ്പ് 0/- രൂപയാണ്. B-4 പ്രകാരം Contributions For Joint Venture Projects (For Centrally Sponsored Scheme)- From Village Panchayats ഇനത്തിൽ 2751264/- രൂപയുടെ നീക്കിയിരിപ്പുണ്ട്. ആയത് ഏത് അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത് എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

8.KWA-യ്ക്ക് മുൻവർഷങ്ങളിൽ നൽകിയ നിക്ഷേപ പ്രവൃത്തികൾക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായതായി ഡെപ്പോസ്റ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

9.എം.എൻ.ആർ.ഇ.ജി.എസ് അഡ്മിനിസ്ട്രേറ്റീവ് ഇനത്തിലെ വരവ്, ചെലവ് എന്നിവ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

10.സാംഖ്യയിൽ അക്കൗണ്ടുകളുടെ പ്രതിമാസ റീകൺസീലിയേഷൻ നടത്തിയിട്ടില്ല.

11.B-4 ഷെഡ്യൂൾ പ്രകാരം 2962531/- രൂപ Grants & Contributions For Specific Purposes ഇനത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു.

12. മുൻകൂർ നൽകിയ തുകയുടെ വിവരങ്ങൾ പരിശോധിക്കുന്നതിനായി അഡ്വാൻസ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

ആയതിൽ ഈ ഇനത്തിലെ തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് (നം.08,09/ 08.04.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-3 ഗ്രാന്റ് വിനിയോഗം

2020-21 വർഷത്തെ എ.സി.ആർ. പ്രകാരം പ്ലാൻഫണ്ട് ലഭിച്ചതിന്റേയും, ചെലവഴിച്ചതിന്റേയും വിശദാംശം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | വരവ് | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 53945117 | 47023094 | 6922023 |
| വികസന ഫണ്ട് (SCP) | 33043695 | 25984948 (*) | 7058747 |
| വികസന ഫണ്ട് (TSP) | 647000 | 647000 | 0 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 9404903 | 9370497 | 34406 |
| സി എഫ് സി (Tied) | 10130000 | 1637304 | 8492696 |
| സി എഫ് സി (Un-Tied) | 10130000 | 9887404 | 242596 |

(*)- എ.സി.ആർ പ്രകാരം ഈ ഇനത്തിലെ ചെലവ് 20962551/- രൂപയാണ്

- മേഖലാവകയിരുത്തൽ- അപാകതകൾ

മാർഗ്ഗരേഖ ഖണ്ഡിക 5.4.1 (4) പ്രകാരം വികസന ഫണ്ടിലെ സാധാരണ വിഹിതത്തിൽ നിന്നും ഏറ്റവും കുറഞ്ഞത് 10% മാലിന്യ സംസ്കരണത്തിനും, ജലസംരക്ഷണത്തിനും പ്രാധാന്യം കൊടുത്തുകൊണ്ട് ഹരിതകേരള മിഷൻ പ്രോജക്ടുകൾക്ക് വകയിരുത്തേണ്ടതാണ്.ഇത്തരത്തിൽ വകയിരുത്തൽ നടത്തിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ടതിന് (നം.10/08.04.2022) മറുപടി നൽകിയില്ല.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (ഗുണഭോക്തൃവിഹിതം ഉൾപ്പെടാതെ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പ്രോജക്ടുകളുടെ ചെലവ് ശതമാനം |
|---|---|---|---|---|---|
| 154 | 129870545 | 136 | 94550247 | 18 | 72.80% |

ചുവടെ ചേർക്കുന്ന നിർവ്വഹണോദ്യോഗസ്ഥർ തുക വകയിരുത്തിയതിന്റെ പകുതിയിൽ കുറവ് മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

| നിർവ്വഹണോദ്യോഗസ്ഥൻ | ചെലവ് ശതമാനം | നിർവ്വഹണോദ്യോഗസ്ഥന്റെ വിശദീകരണം |
|---|---|---|
| വ്യവസായവികസന ഓഫീസർ | 11% | ലഭ്യമാക്കിയിട്ടില്ല |

പ്രയോജനപ്രദമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥരും ഭരണസമിതിയും കൂടുതൽ ശ്രദ്ധിക്കേണ്ടതും, വ്യവസായവികസന ഓഫീസർ അപാകത സംബന്ധിച്ച് വിശദീകരണം നൽകേണ്ടതുമാണ്.

## 1-5 ക്ഷേമപദ്ധതികൾ

ഇല്ല

## 1-6 ക്യാഷ് പരിശോധന

ഇല്ല

## 1-7 തൊഴിലുറപ്പ് പദ്ധതി

എം.എൻ.ആർ.ഇ.ജി.എസ് അഡ്മിനിസ്ട്രേറ്റീവ് ഇനത്തിലെ വരവ്, ചെലവ് എന്നിവ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09/12/21 മുതൽ 15/12/2021 വരെ | 2020-21 | 24-02-2022 |
| അക്കൗണ്ട് ജനറലിന്റെ ഓഡിറ്റ് | 15/06/15മുതൽ 26/06/15 വരെ | 2012-13 മുതൽ 2014-15 വരെ | 18-08-2015 |

## 1-9 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ട്.ആയതിന്റെ വിശദാംശം വിവിധ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1.

ബ്ലോക്ക് പഞ്ചായതതിന്റെ 2020-21 വർഷത്തെ ബജറ്റ് ശുപാർശകൾ ഉൾപ്പെട്ട ഫയൽ പരിശോധനയ്ക്ക് ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

2. വാർഷിക ബജറ്റ് ഫങ്ഷൻ ഫങ്ഷനറി അടിസ്ഥാനത്തിൽ , ഫങ്ഷൻ ഫങ്ഷനറി അകൗണ്ട് കോഡ് അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

3.മാർഗ്ഗരേഖ ഖണ്ഡിക 5.4.1 (4) പ്രകാരം വികസന ഫണ്ടിലെ സാധാരണ വിഹിതത്തിൽ നിന്നും ഏറ്റവും കുറഞ്ഞത് 10% മാലിന്യ സംസ്കരണത്തിനും, ജലസംരക്ഷണത്തിനും പ്രാധാന്യം കൊടുത്തുകൊണ്ട് ഹരിതകേരള മിഷൻ പ്രോജക്ടുകൾക്ക് വകയിരുത്തേണ്ടതാണ്.ടി നിർദ്ദേശം പാലിച്ചിട്ടില്ല.

4.സ.ഉ(കൈ)നം.11/2018/തസ്വഭവ നമ്പർ ഉത്തരവിലെ ഖ.11.3(ഡി)(2) പ്രകാരം,നിർവ്വഹണ ഏജൻസികൾക്ക തുക അനുവദിക്കുന്നതിനു മുമ്പ് തദ്ദേശ സ്ഥാപനം ബന്ധപ്പെട്ട ഏജൻസികളുമായി കരാർ ഒപ്പിട്ട ശേഷം മാത്രമേ മുൻകൂർ അനുവദിക്കാൻ പാടുള്ളൂ.ഇവിടെ ടി ഉത്തരവു പാലിച്ചിട്ടില്ല.

മേല്പറഞ്ഞ അപാകങ്ങൾ പരിഹരിക്കാൻ ജനറൽ കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്,

## 1-10 ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല 13587/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായി മലയിൻകീഴ് താലൂക്ക് ആസ്ഥാന ആശുപത്രി ഉപകരണം വാങ്ങൽ(S0072/21) എന്ന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. മെയിന്റെനൻസ് ഫണ്ട് (റോഡിതരം) -ൽ അടങ്കൽ 350000/- രൂപയിൽ നിന്നും വകയിരുത്തിയ139180/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആകെ ചെലവ് തുകയിൽ (ബിൽ നം. 32/20-21 തീയതി 23/01/21) 13587/-രൂപയുടെ ചെലവ് രേഖകൾ ഓഡിറ്റിന്

ഹാജരാക്കിയിട്ടില്ല. ആയതിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്, (നം.14, തീയതി.12/4/22) മേൽ തുകയുടെ ഉപകരണങ്ങൾ ഐ.എച്ച്.ഡി.ബി യിൽ നിന്നും ഉടൻ തന്നെ ലഭ്യമാക്കുമെന്നാണ് മറുപടി നൽകിയത്. 13587/-രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ പ്രസ്തുത ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-11 മോഡുലാർ ഫാർമസി പ്രവർത്തനം ആരംഭിച്ചിട്ടില്ല-699360/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു

വിളപ്പിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ മോഡുലാർ ഫാർമസി സ്ഥാപിക്കുന്നതിലേയ്ക്കായി മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായി പദ്ധതി, വിളപ്പിൽ സി.എച്ച്.സി യിൽ മോഡുലാർ ഫാർമസി (SO0100/21)

ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. മെയിന്റെനൻസ് ഫണ്ട് (റോഡിതരം) -ൽ നിന്നും അടങ്കൽ 700000/- രൂപ വകയിരുത്തിയ പദ്ധതിയ്ക്കായി 699360/- രൂപ ചെലവഴിച്ചിട്ടുണ്ട്. മോഡുലാർ ഫാർമസി സ്ഥാപിക്കുന്നതിനായി കെ.എം.എസ്.സി.എൽ സമർപ്പിച്ച എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് തുക കൈമാറിയിട്ടുള്ളത് [ബിൽ. നം.22, Dt: 13.1.21]. തുക കൈമാറി ഒരു സാമ്പത്തിക വർഷം പിന്നിട്ടിട്ടും പണി പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടില്ല. കെ.എം.എസ്.സി.എൽ - ലുമായി കരാർ ചമയ്ക്കാതെയാണ് തുക കൈമാറിയിട്ടുള്ളത്. സ.ഉ(കൈ)നം.11/2018/തസ്വഭവ നമ്പർ ഉത്തരവിലെ ഖ.11.3(ഡി)(2) പ്രകാരം,നിർവ്വഹണ ഏജൻസികൾക്കു തുക അനുവദിക്കുന്നതിനു മുമ്പ് തദ്ദേശ സ്ഥാപനം ബന്ധപ്പെട്ട ഏജൻസികളുമായി കരാർ ഒപ്പിട്ട ശേഷം മാത്രമേ മുൻകൂർ അനുവദിക്കാൻ പാടുള്ളൂ.ഇവിടെ ടി ഉത്തരവു പാലിച്ചിട്ടില്ല.പദ്ധതി പൂർത്തിയാക്കുന്നതിന്റെ കാലതാമസത്തെക്കുറിച്ച് അന്വേഷിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം. 18, തീയതി.13.4.2022)മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച 699360/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. ഫാർമസിയുടെ നിർമ്മാണം പൂർത്തിയാക്കി, വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-12 വിനിയോഗരേഖകൾ ഹാജരാക്കിയിട്ടില്ല

2020-21 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ, മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (SO081/21), അനുപൂരക പോഷകാഹാരം ബ്ളോക്ക് വിഹിതം (SO103/21) എന്നീ പദ്ധതികൾക്ക് വേണ്ടി ബ്ളോക്ക് പഞ്ചായത്ത് വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറിയ തുകകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്ട് നം . & പ്രോജക്ട് പേര് | പഞ്ചായത്തുകളുടെ പേര് | കൈമാറിയ തുക |
|---|---|---|
| (S0081/21) മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | കല്ലിയൂർ ഗ്രാമ പഞ്ചായത്ത് | 717750/- |
| | മാറനല്ലൂർ ഗ്രാമ പഞ്ചായത്ത് | 463125/- |
| | വിളവൂർക്കൽ ഗ്രാമ പഞ്ചായത്ത് | 313500/- |
| | ബാലരാമപുരം ഗ്രാമപഞ്ചായത്ത് | 306375/- |
| | പള്ളിച്ചൽ ഗ്രാമ പഞ്ചായത്ത് | 484500/- |
| | മലയിൻകീഴ് ഗ്രാമ പഞ്ചായത്ത് | 605544/- |
| | വിളപ്പിൽ ഗ്രാമ പഞ്ചായത്ത് | 351081/- |
| | കല്ലിയൂർ ഗ്രാമ പഞ്ചായത്ത് | 100000/- |
| | മാറനല്ലൂർ ഗ്രാമ പഞ്ചായത്ത് | 100000/- രൂപ |
| | വിളവൂർക്കൽ ഗ്രാമ പഞ്ചായത്ത് | 100000/- രൂപ |
| | ബാലരാമപുരം ഗ്രാമപഞ്ചായത്ത് | 100000/- |
| | പള്ളിച്ചൽ ഗ്രാമ പഞ്ചായത്ത് | 100000/- |
| | മലയിൻകീഴ് ഗ്രാമ പഞ്ചായത്ത് | 100000/- |
| | വിളപ്പിൽ ഗ്രാമ പഞ്ചായത്ത് | 100000/- |

മേൽപ്പറഞ്ഞ തുകയിൽ S0081/21 പദ്ധതിയ്ക്കു വേണ്ടി കല്ലിയൂർ ഗ്രാമ പഞ്ചായത്ത് കൈപ്പറ്റിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം മാത്രം ലഭിച്ചിട്ടുണ്ട്.ബാക്കി തുകകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ13/12.04.2022) മറുപടി

ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ മേൽ പറഞ്ഞ തുകകളുടെ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് .

## 1-13 സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി തുക അനുവദിച്ചത് ക്രമപ്രകാരമല്ല

പ്രോജക്ട് നമ്പർ/ പേര്- 122/2020-21, സ്വയം തൊഴിൽ സംരംഭങ്ങൾ (Spill Over)

അടങ്കൽ – 600000/-

ചെലവ് - 300000/- (പൊതുവിഭാഗം സാധാരണ വിഹിതം)

ബിൽ നം./ തീയതി - 01/IEO/ 2020-21, 28.04.2020

നിർവ്വഹണം -ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ

14.02.2018 ലെ 22/2018/തസ്വഭവ സബ്സിഡി മാർഗ്ഗരേഖ 6.4 (ചെറുകിട വ്യവസായം) പ്രകാരം വായ്പാബന്ധിത പദ്ധതികൾക്ക് സബ്സിഡി തുക അനുവദിക്കേണ്ടത് വായ്പ നൽകിയ സ്ഥാപനത്തിലേയ്ക്കാണ്. എന്നാൽ, ഗ്രാമശ്രീ ലാൻഡ് സ്കേപ്പിംഗ് & അഗ്രികൽച്ചറൽ യൂണിറ്റ് എന്ന സ്ഥാപനത്തിലേയ്ക്കാണ് തുക നൽകിയിരിക്കുന്നത്.

മേൽ സ്ഥാപനങ്ങൾക്ക് കല്ലിയൂർ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നുമാണ് വായ്പ നൽകിയിരിക്കുന്നത്. 500000/- രൂപ വായ്പ അനുവദിച്ചതിൽ 300000/-രൂപയാണ് സബ്സിഡിയായി അനുവദിച്ചിരിക്കുന്നത്. ഗ്രാമശ്രീ ലാൻഡ് സ്കേപ്പിംഗ് & അഗ്രികൽച്ചറൽ യൂണിറ്റ് പാസ് ബുക്ക് ഹാജരാക്കിയിട്ടില്ല. സബ്സിഡി തുക മേൽ സ്ഥാപനങ്ങളിലെ സെക്രട്ടറിയുടെയും പ്രസിഡന്റിന്റെയും പേരിലുള്ള അക്കൗണ്ടുകളിലേയ്ക്കാണ് നൽകിയിരിക്കുന്നതെന്ന ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. സബ്സിഡി തുക സ്ഥാപനങ്ങളിലെ അക്കൗണ്ടുകളിലേയ്ക്ക് നൽകിയിരിക്കുന്നതിന്റെ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 16/12.04.2022-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ സ്ഥാപനത്തിന്റെ പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ, ബാങ്ക് വായ്പാ തിരിച്ചടവിന്റെ വിവരങ്ങൾ എന്നിവ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.പദ്ധതി മാർഗ്ഗരേഖ പ്രകാരം വായ്പാ ബന്ധിത പദ്ധതികൾക്ക് തുക അനുവദിക്കുമ്പോൾ തുക സബ്സിഡി വായ്പ അനുവദിച്ച സ്ഥാപനത്തിനു മാത്രമേ അനുവദിക്കാവൂ.

ഭാവിയിൽ ഇത്തരത്തിൽ പദ്ധതികൾ ചെയ്യുമ്പോൾ സബ്സിഡി മാർഗ്ഗരേഖയിൽ അനുശാസിക്കും പ്രകാരം സബ്സിഡി ബാക്ക് എൻഡ് സബ്സിഡി തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ ക്രഡിറ്റ് ചെയ്യേണ്ടതാണ്. പദ്ധതിയുടെ തുടർ വിവരങ്ങൾ നിർവ്വഹണോദ്യോഗസ്ഥർ നിരീക്ഷിക്കേണ്ടതുമാണ്. മേൽ സൂചിപ്പിച്ച വിവരങ്ങൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-14 വിനിയോഗസാക്ഷ്യ പത്രം ലഭ്യമല്ല.

2020-21 വർഷം വിവിധ പ്രവൃത്തികൾക്കായി ബ്ളോക്ക് പഞ്ചായത്തു വിഹിതം നല്കിയിട്ടുണ്ടെങ്കിലും അവയുടെ വിനിയോഗസാക്ഷ്യ പത്രം ലഭ്യമല്ല.വിശദാംശം ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി.(ഓഡിറ്റ് എൻക്വയറി നം-4)

| ക്രമ നം | പ്രോജക്ട് നം./പേര് | തുക(രൂ) | ബിൽ നം,തീയതി | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 1 | 51,പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | 1529900 | 300170/30-6-20 | KWA,രൂ1229900 യുടെ UC ലഭിച്ചു. |
| 2 | 2,ലൈഫ് ഭവന പദ്ധതി(ജനറൽ) | 870000<br>600000 | 933564/16-1-21<br>938926/16-1-21 | മലയിൻകീഴ് ഗ്രാമ പഞ്ചായത്ത്<br>പള്ളിച്ചൽ ഗ്രാമ പഞ്ചായത്ത് |
| 3 | 40,ലൈഫ് ഭവന പദ്ധതി (SCP) | 500000<br>2368900 | 749846/9-11-20<br>933565/16-1-21 | മലയിൻകീഴ് ഗ്രാമ പഞ്ചായത്ത്<br>പള്ളിച്ചൽ ഗ്രാമ പഞ്ചായത്ത് |
| 4 | 50,വൈദ്യുതി ലൈൻ ദീർഘിപ്പിക്കൾ | 1767425 | 798177/30-6-20 | KSEB,45617 രൂപയുടെ UC ലഭിച്ചു. |

സ.ഉ(കൈ)നം.11/2018/തസ്വഭവ നമ്പർ ഉത്തരവിലെ ഖ.11.3(ഡി)(4) പ്രകാരം ഡെപ്പോസിറ്റ് വർക്കുകളുടെ നിർമ്മാണ പുരോഗതി ഡി.പി.സി പ്രതിമാസം വിലയിരുത്തേണ്ടതും ബന്ധപ്പെട്ട ഏജൻസികൾക്ക് അവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്നും സെക്രട്ടറി ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.ടി നിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-15 PMAY പദ്ധതി-തുക കൈപ്പറ്റി വർഷങ്ങൾ കഴിഞ്ഞിട്ടും വീടു പൂർത്തിയായില്ല.

നേമം ബ്ളോക്ക്പഞ്ചായത്തിന്റെ PMAY പദ്ധതി പ്രകാരം തുക കൈപ്പറ്റി വർഷങ്ങൾ കഴിഞ്ഞിട്ടും വീടു

പൂർത്തിയാക്കാത്തവരുടെ വിശദാംശം ചുവടെ ചേർക്കുന്നു.ടി വ്യക്തികൾ വീടുപണിപൂർത്തിയാക്കാത്ത പക്ഷം,നല്കിയ തുക തിരികെ ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ഗ്രാമ പഞ്ചായത്ത് | കൈപ്പറ്റിയ തുക(രൂ) | വർഷം | റിമാർക്ക് |
|---|---|---|---|---|---|
| 1 | സത്യൻ | പള്ളിച്ചൽ | 196000 | 2016-17 | RRനടപടിക്കായി 3 നോട്ടീസ് അയച്ചു. |
| 2 | ജയരാജം | കല്ലിയൂർ | 176000 | 2016-17 | RRനടപടിക്കായി 3 നോട്ടീസ് അയച്ചു. |
| 3 | അശ്വതി.S.V. | വിളവൂർക്കൽ | 161000 | 2016-17 | RRനടപടിക്കായി 3 നോട്ടീസ് അയച്ചു. |
| 4 | സോമലത | ബാവരാമപുരം | 249000 | 2016-17 | RRനടപടിക്കായി 3 നോട്ടീസ് അയച്ചു. |

## 1-16 KWA ,KSEBനിർവ്വഹിച്ച പദ്ധതികൾ-അപാകങ്ങൾ.

KWA ,KSEBനിർവ്വഹിച്ച പദ്ധതികൾ-അപാകങ്ങൾ.

(A)KWA നിർവ്വഹിച്ച പദ്ധതികളുടെ ഫയലുകൾ പരിശോധിച്ചതിൽ താഴെപറയുന്ന അപാകങ്ങൾ കണ്ടു.

1.പദ്ധതികളുടെ Detailed Estimate ഇല്ല.Abstract Of Estimate ന്റെ അടിസ്ഥാനത്തിൽ തുക നല്കിയിരിക്കുന്നു.

2എഗ്രിമെന്റിൽ പൂർത്തീകരണ തീയതി ഉൾപ്പെടുത്തിയിട്ടില്ല.

3.പദ്ധതികളുടെ പൂർത്തീകരണ സാക്ഷ്യപത്രം,പെർഫോമൻസ് റിപ്പോർട്ട് എന്നിവ ഫയലിൽ ഇല്ല.

(B)KSEBനിർവ്വഹിച്ച പദ്ധതികളുടെ ഫയലുകൾ പരിശോധിച്ചതിൽ താഴെപറയുന്ന അപാകങ്ങൾ കണ്ടു.

1.KSEB യുമായി ഒപ്പുവച്ച എഗ്രിമെന്റ് ഫയലിൽ ഇല്ല.

2.പദ്ധതികളുടെ പൂർത്തീകരണ സാക്ഷ്യപത്രം,പെർഫോമൻസ് റിപ്പോർട്ട് എന്നിവ ഫയലിൽ ഇല്ല.

മേല്പറഞ്ഞ രേഖകൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഓഡിറ്റ് എൻക്വയറി നം.4 ലൂടെ വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും ആയതിനു മറുപടി ലഭ്യമായില്ല.

## 1-17 സാക്ഷരതാ മിഷൻ തുല്യതാ പരീക്ഷ-അപാകങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി.

പത്താംതരം തുല്യതാ കോഴ്സിനു (പ്രോജക്ട് നം. 11)25 പഠിതാക്കളുടെ കോഴ്സ് ഫീസായി ബിൽ നം 845676/16-1-21 പ്രകാരം, 43750 രൂപയും,പതിനൊന്നാം തരം,പന്ത്രണ്ടാംതരം തുല്യതാ പരീക്ഷയ്ക്കായി (പ്രോജക്ട് നം 12)ബിൽ നം 845211/16-1-21 പ്രകാരം11000 രൂപയും,ബിൽ നം 845254/16-1-21 പ്രകാരംഗുഡ് ഇംഗ്ലീഷ് കോഴ്സിനായി,40000 രൂപയും (പ്രോജക്ട് നം. 55) സാക്ഷരതാ മിഷനു നല്കി. ടി പദ്ധതി ഫയലിൽ കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. പഠിതാക്കളുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരം ഫയലിൽ ഇല്ല.

2.പഠിതാക്കളിൽ എത്ര പേർ സാക്ഷരതാ മിഷൻ നടത്തിയ ക്ളാസിൽ പങ്കെടുത്തുവെന്നോ,പരീക്ഷ എഴുതി എന്നോവ്യക്തമല്ല.
3.പഠിതാക്കളിൽ എത്രപേർക്ക് ഗുഡ് ഇംഗ്ലീഷ് കോഴ്സ് പൂർത്തിയാക്കി സർട്ടിഫിക്കറ്റ് കിട്ടി എന്ന വിവരം ലഭ്യമല്ല.

ഇതു സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്കു (നം.3) മറുപടി ലഭ്യമായിട്ടില്ല. മേൽ സൂചിപ്പിച്ച രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-18 ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ ചെയ്യുന്നതിനു ഇലക്ട്രിക്ക് ലൈസൻസുള്ള കരാറുകാർക്ക് നൽകണം

PWD Mannual 2012 ലെ സെക്ഷൻ 2306.1 പ്രകാരം ഗവ.കെട്ടിടങ്ങളുടെ ഇലക്ട്രിഫിക്കേഷൻ പ്രവ്യത്തികൾ ചെയ്യുന്നതിനു ഇലക്ട്രിക്ക് ലൈസൻസുള്ള കരാറുകാർക്ക് നൽകണമെന്നു നിഷ്കർക്കുന്നു.2020-21വർഷം നേമം

ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികളിൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ കൂടി ഉൾപ്പെട്ടിട്ടുണ്ട്.ടി പ്രവൃത്തികളുടെ'ഒറിജിനൽ എസ്റ്റിമേറ്റിൽ ഇലക്ട്രിഫിക്കേഷൻ വർക്കുകൾക്ക് Lumpsum ആയി തുക ഉൾക്കൊള്ളിക്കുകയും,ടെണ്ടറ് കിട്ടിയ കരാറുകാരൻ ഇലക്ട്രിഫിക്കേഷൻ വർക്കുകൾക്ക് ടി തുക തന്നെ ക്വാട്ടു ചെയ്ത ശേഷം,പിന്നീട് പുതുക്കിയ എസ്റ്റിമേറ്റു നിരക്കിൽ പ്രവൃത്തി നിർവ്വഹിക്കുകയുമാണ് ചെയ്തിട്ടുള്ളത്.

| ക്രമ നം | പ്രോജക്ട് നം,പേര് | ബിൽ നം,തീയതി | ഫൈനൽ ബിൽ തുക(രൂ) | ലംപ്സം തുക(രൂ) |
|---|---|---|---|---|
| 1 | 123,പാറയം വിളാകം സാംസ്കാരിക നിലയം | 45/28-8-20 | 150664 | 40500 |
| 2 | 69,ബ്ലോക്ക് ഓഫീസ് കോമ്പൌണ്ടിലെ കെട്ടിടങ്ങളിൽ അറ്റ കുറ്റപ്പണി. | 46/28-8-20 | 477779 | 230000 |

ടി നാലു പ്രവൃത്തികളും നടത്തിയ കരാറുകാർക്ക് ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ ചെയ്യുന്നതിനുള്ള ലൈസൻസ് ഇല്ല.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 21 ന് മറുപടി ലഭ്യമായില്ല.

PWD Mannual 2012 ലെ സെക്ഷൻ 2306.1 പ്രകാരം അനുശാസിക്കുന്ന രീതീയിൽ ഭാവിയിൽ ഇലക്ട്രിക്ക് വർക്കുകൾക്ക് ഇലക്ട്രിക്ക് ലൈസൻസുള്ള കരാറുകാർക്ക് പ്രവൃത്തി നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 ക്ഷീര സമൃദ്ധി (ജനറൽ )വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ ക്ഷീര സമൃദ്ധി (ജനറൽ )പദ്ധതിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ട് നം 62/21

അടങ്കൽ --- 100000 (പൊതുവിഭാഗം)

---2300000 (ധനകാര്യകമ്മീഷൻ)

ആകെ --- 2400000

ചെലവ് – --2300000 (100000+2200000)

B. ധനസഹായം ലഭ്യമായ 7 ഗ്രാമപഞ്ചായത്തുകളായ ബാലരാമപുരം, പള്ളിച്ചൽ, കല്ലിയൂർ, വിളപ്പിൽ, മലയിൻ കീഴ്, മാറനല്ലൂർ, വിളവൂർക്കൽ എന്നിവയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.

ഇതിന്റെ വിശദാംശം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(07/20-21, 8/4/2021)മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-20 ക്ഷീരസമൃദ്ധി വനിത -- ഫയലുകളും രജിസ്റ്ററും മറ്റു അനുബന്ധരേഖകളും ഓഡിറ്റിൽ ഹാജരാക്കിയില്ല 2300000/- രൂപ തടസ്സപ്പെടുത്തുന്നു.

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ ക്ഷീരസമൃദ്ധി വനിത -- ഫയലുകളും രജിസ്റ്ററും മറ്റു അനുബന്ധരേഖകളും ഓഡിറ്റിൽ ഹാജരാക്കിയില്ല ചെലവുതുകയായ 2300000/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം 63/21

അടങ്കൽ ---2300000

ചെലവ് ---- 2300000

ടി പ്രോജക്ടിന്റെ ഫയലുകളും മറ്റു അനുബന്ധരേഖകളും പരിശോധനയ്ക്കായി ഹാജരാക്കിയില്ല. ആയതിനാൽ ചെലവു തുകയായ 2300000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഫയലുകളും രജിസ്റ്ററും മറ്റു അനുബന്ധരേഖകളും ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ AE 7/20-21, 8/4/21 മറുപടി ലഭ്യമാക്കിയില്ല.

### 1-20-1 ക്ഷീരസമൃദ്ധി-- ജനറൽ ഫയലുകളും രജിസ്റ്ററും മറ്റു അനുബന്ധരേഖകളും ഓഡിറ്റിൽ ഹാജരാക്കിയില്ല 250535/- രൂപ തടസ്സപ്പെടുത്തുന്നു.

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ ക്ഷീരസമൃദ്ധി-- ജനറൽ എന്ന പ്രോജക്ടിന്റെ ഫയലുകളും രജിസ്റ്ററും മറ്റു അനുബന്ധരേഖകളും ഓഡിറ്റിൽ ഹാജരാക്കിയില്ല. ചെലവുതുകയായ 250535/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം.- 148/210

അടങ്കൽ --250535 (വികസനഫണ്ട്)

ചെലവ് ---250535

ടി പ്രോജക്ടിന്റെ ഫയലുകളും മറ്റു അനുബന്ധരേഖകളും പരിശോധനയ്ക്കായി ഹാജരാക്കിയില്ല. ആയതിനാൽ ചെലവു തുകയായ 250535/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഫയലുകളും രജിസ്റ്ററും മറ്റു അനുബന്ധരേഖകളും ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(07/20-21, 8/4/2021)മറുപടി ലഭ്യമാക്കിയില്ല.

### 1-21 പഴയ വാഹനം-ലേലം ചെയ്യണം

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടിന്റെ ഔദ്യോഗിക വാഹനം(KL-20-D-5207) 17/2/21 മുതൽ ഗതാഗത യോഗ്യമല്ല എന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 26/2/21 ലെ തീരുമാനം നം 4 ൽ രേഖപ്പെടുത്തിയിരിക്കുന്നു.ടി വാഹനം ബ്ലോക്ക് പഞ്ചായത്ത് മുറ്റത്താണ് പാർക്ക് ചെയ്തിട്ടുള്ളത്. വാഹനം പത്തുവർഷം പഴക്കമുള്ളതായും,18/2/21 വരെ ആകെ 228265 കി.മീ.ഓടിയിട്ടുള്ളതായും,ലോഗ് ബുക്ക് പരിശോധനയിൽ വ്യക്തമാകുന്നു.ടി വാഹനത്തിന്റെ റിപ്പയർ ജോലികൾക്കായി കഴിഞ്ഞ മൂന്നു വർഷമായി ആകെ 241408 രൂപ ചെലവഴിച്ചിട്ടും ആയത് ഗതാഗത യോഗ്യമാകാത്തതിനാൽ.ലേലം ചെയ്യാൻ ജനറൽ കമ്മിറ്റി 7/8/21 ൽ തീരുമാനിച്ചിട്ടുള്ളതായും,ഓഡിറ്റ് എൻക്വയറിക്കു (നം.6)നു മറുപടി ലഭ്യമാക്കിയിട്ടുണ്ട്.ടി വാഹനം സർക്കാർ ഉത്തരവു(കൈ) നം .45/2019 /PWD തീ.16-10-19 പ്രകാരം,ലേലം ചെയ്യുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

### 1-22 മലയിൻകീഴ് ഗവ.ഹയർസെക്കന്ററി സ്കൂളിന്റെ നവീകരണത്തിന് ബ്ളോക്ക് പഞ്ചായത്തു വിഹിതം-അപാകങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി.
പ്രോജക്ട് നം-75
പ്രോജക്ടിന്റെ പേര്-മലയിൻകീവ് ഗവ.ഹയർസെക്കണ്ടറി സ്കൂളിന്റെ നവീകരണത്തിന് ബ്ളോക്ക് പഞ്ചായത്തു വിഹിതം
അടങ്കൽ -1800000
ചെലവു തുക-1800000 രൂ.
ബിൽ നം-2333663/10-6-20
ഫണ്ടിനം -വികസനഫണ്ട് 1800000/-
മേൽ പ്രോജക്ട് ഫയൽ പരിശോധനയിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു.
1.ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള ഹയർസെക്കണ്ടറി സ്കൂളിന്റെ നവീകരണത്തിന് ബ്ളോക്ക് പഞ്ചായത്തു വിഹിതം നൽകാൻ അനുമതി ലഭിച്ചതായി ഫയലിൽ രേഖപ്പെടുത്തൽ ഇല്ല.

ടി തുക ജില്ലാപഞ്ചായത്തു മുഖേനയല്ലാതെ,ഹയർസെക്കണ്ടറി സ്കൂളിന്റെ പ്രിൻസിപ്പലിനു നേരിട്ട് കൈമാറിയതിന് കാരണം വ്യക്തമല്ല. ടി അപാകങ്ങൾക്ക് ഓഡിറ്റ് എൻക്വയറി നം.22 പ്രകാരം വിശദീകരണം ആരാഞ്ഞെങ്കിലും മറുപടി ലഭ്യമായില്ല. മേൽ വിഷയങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ്. കൂടാതെ പദ്ധതി സംയുക്ത പദ്ധതിയാണെങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

### 1-23 മരാമത്ത് പ്രവൃത്തികൾ-പൂർത്തീകരണ കാലാവധി അധികരിച്ചിട്ടും,പിഴപ്പലിശ ഈടാക്കിയില്ല

താഴെ പറയുന്ന പ്രവൃത്തികൾ,നിർദ്ദിഷ്ട പൂർത്തീകരണ കാലാവധി അധികരിച്ചിട്ടും,പിഴപ്പലിശ ഈടാക്കാതെ,ഫൈനൽ ബിൽ തുക നല്കിയിട്ടുള്ളതായി കാണുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ നം., പേര്, | PAC തുക(രൂ) | പ്രവൃത്തി തുടങ്ങിയ തീയതി | പ്രവൃത്തി പൂർത്തിയായ തീയതി | നിർദ്ദിഷ്ട പൂർത്തീകരണ കാലാവധി |
|---|---|---|---|---|---|
| 1 | S0041/19 പള്ളാവിള ഇടവിളാകം | 700000 | 11-7-18 | 16-9-20 | 5 മാസം |

| | | | | | |
|---|---|---|---|---|---|
| | റോഡ് സംരക്ഷണ ഭിത്തി. | | | | |
| 2 | SO096/20,അച്ചത്തു കോമം സെറ്റിൽമെന്റ് റോഡ് | 499978 | 25-10-19 | 25-5-20 | 3മാസം |
| 3 | SO168/21,ബ്ളോക്ക് പഞ്ചായത്ത് കിണർ സംരക്ഷണ. | 498959 | 11-2-20 | 22-10-21 | 4 മാസം |
| 4 | SO038/20,പരുത്തുംപാറ പാർശ്വഭിത്തി നിർമ്മാണം | 499791 | 27-9-19 | 20-2-21 | 6 മാസം |

ഇത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം23)മറുപടി ലഭ്യമായില്ല. മേലിൽ പ്രവൃത്തികൾനിർദ്ദിഷ്ട പൂർത്തീകരണ കാലാവധി അധികരിക്കുന്ന പക്ഷം,കരാർ പ്രകാരമുള്ള പിഴപ്പലിശ ഈടാക്കേണ്ടതാണ്.

## 1-24 ഇലക്ട്രിക്കൽ പ്രവൃത്തികൾ-പ്രതിഫലം നൽകിയതിന്റെ വിശദാംശം ലഭ്യമല്ല.

നേമം ബ്ളോക്ക് പഞ്ചായത്ത് 2020-21 വർഷം നടപ്പിലാക്കിയ പ്രോജക്ട് നം.123",പറയം വിളാകം സാംസ്കാരിക നിലയം",പ്രോജക്ട് 69,"ബ്ളോക്ക് ഓഫീസ് കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ" എന്നീ രണ്ടു പ്രവൃത്തികളിലും,ഇലക്ട്രിക്കൽ പ്രവൃത്തികൾ ഉൾപ്പെട്ടിട്ടുണ്ട്.ശ്രീ.ജിഷ്ണു.R,ശ്രീ.M.S.രഘുനാഥൻ എന്നീ രണ്ടു എഞ്ചിനീയർമാരാണ് ടി പ്രവൃത്തികളുടെ മേൽനോട്ടം,ചെക്ക്മെഷർമെന്റ് എന്നിവ നടത്തിയിട്ടുള്ളത്.സർക്കാർ ഉത്തരവ് നം.സ.ഉ.(അർ.ടി.) നം2878/2015/തസ്വഭവ പ്രകാരം, ടി എഞ്ചിനീയർമാർക്ക് പ്രതിഫലം നല്കിയതിന്റെ വിശദാംശം,ടി പ്രവൃത്തികളുടെ TR-59(E)പ്രകാരമുള്ള ബില്ലുകളിലോ,ക്യാഷ് ബുക്കിലോ രേഖപ്പെടുത്തിയിട്ടില്ല.ഇത സംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം.23) മറുപടി ലഭ്യമായില്ല.ടി വ്യക്തികൾക്ക് പ്രതിഫലം നൽകിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 1-25 ഇ-ടെണ്ടർ വിഹിതം ക്രെഡിറ്റ് ചെയ്തിട്ടില്ല

2020-21 വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം ജില്ലാ പഞ്ചായത്തിൽ നിന്നുള്ള ഇ-ടെണ്ടർ വിഹിതം ബ്ളോക്ക് പഞ്ചായത്ത് അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടില്ല. സർക്കാർ ഉത്തരവ് പ്രകാരംജില്ലാ പഞ്ചായത്തിൽ നിന്നുള്ള ഇ-ടെണ്ടർ വിഹിതം അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെടുന്ന മുറയ്ക്ക് ബ്ളോക്ക് പഞ്ചായത്ത് അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്യേണ്ടതാണ്.ഇത സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക്നം.19ന് മറുപടി ലഭ്യമായില്ല. ഭാവിയിൽ ടി തുക യഥാസമയം ലഭ്യമാകുന്ന എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ബ്ലോക്ക് പഞ്ചായത്ത് ലഭ്യമാക്കിയ പത്രിക പ്രകാരം വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നും പി.എം.എ.വൈ പദ്ധതിയ്ക്കായി ലഭിച്ച തുകകളുടെ വിവരം ചുവടെ ചേർക്കുന്നു

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 2020-21 | 2660000 | PMAY | 2660000 | 0 |

വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വിവരങ്ങൾ

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് (2019-20 B4) | വരവ് (2020-21 RP 31) | ആകെ | ചെലവ് (സുലേഖ പ്രകാരം) | നീക്കിയിരിപ്പ് (2020-21 B4) |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 1489995 | 2683297 | 4173292 | 0 | 2751264 |

സുലേഖ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് ചെലവഴിച്ചിട്ടില്ല.

## 4-2 നിക്ഷേപ പ്രവൃത്തികൾ

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻബാക്കി (എ.എഫ്. എസ് പ്രകാരം) | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | കേരള വാട്ടർ അതോറിറ്റി | ബ്ലോക്ക് പരിധിയിലെ വിവിധ സ്ഥലങ്ങളിൽ പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | 10429055 | 1529900 | - | 11958955 |
| 2 | കെ.എസ്. ഇ.ബി | ബ്ലോക്ക് പരിധിയിലെ വിവിധ സ്ഥലങ്ങളിൽ വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 2396950 | 1767425 | - | 4164375 |

* നിക്ഷേപ പ്രവൃത്തിയ്ക്ക് നൽകിയ തുകയുടെ വിവരങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പാ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പാ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം ചുവടെ

ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇ എം എസ് ലോൺ | സ.ഉ (സാധാ) 1030/10/തസ്വഭവ തീയതി 25.03.2020 | 31144300 | 948622 | 948622 | - |
| **ഐ എ വൈ ലോൺ കല്ലിയൂർ കോ-ഓപ്പറേറ്റീവ് ബാങ്ക് | സ.ഉ (എം എസ്) 90/13/ തസ്വഭവ തീയതി 14.03.2013 | 6000000 | 4521200 | 2165808* | 2355392 (രജിസ്റ്റർ പ്രകാരം) |

* സെക്രട്ടറിയുടെ 15/21 നമ്പർ പ്രോജക്ട് പ്രകാരം 2165808/- രൂപയുടെ തിരിച്ചടവ് ഉണ്ട്.

** ലോൺ വിവരങ്ങൾ എ എഫ് എസ്-ൽ ഉൾപ്പെടുത്തിയിട്ടില്ല. തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക AFS മായി പൊരുത്തപ്പെടുന്നില്ല.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ലഭ്യമല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ലഭ്യമല്ല

## 4-8 ചാർജ്ജ് / സർചാർജജ് നടപടികളുടെ വിവരം

ലഭ്യമല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 6737660 |
| ഓഡിറ്റ് വർഷത്തെ വരവ് | 109779519 |
| ആകെ | 116517179 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 111259446 |
| നീക്കിയിരിപ്പ് | 5257733 |
| വരവിനങ്ങളുടെ നഷ്ടം | -- |
| ചെലവിനങ്ങളുടെ നഷ്ട്ം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | --- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3263482 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 2300000 | ശ്രീമതി.ഷൈലജാബീവി, ക്ഷീരവികസന ഓഫീസർ |
| 1-20-1 | 250535 | ശ്രീമതി.ഷൈലജാബീവി, ക്ഷീരവികസന ഓഫീസർ |
| 1-10 | 13587 | ഡോ.ഷീജ പി.കെ, സൂപ്രണ്ട്, CHC, മലയിൻകീഴ് |
| 1-11 | 699360 | ഡോ.എലിസബത്ത് ചീരൻ, മെഡിക്കൽ ഓഫീസർ, CHC, വിളപ്പിൽ |

*ഡി)* കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

*(ഇ)* നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

*(എഫ്)*റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീമതി.ഷൈലജാ ബീവി, ക്ഷീരവികസന ഓഫീസർ | ലഭ്യമല്ല | തൈവനഞ്ച വരമ്പ്, കളത്തൂർ, ഉച്ചക്കട പി ഒ |
| 1-10 | ഡോ.ഷീജ പി.കെ, സൂപ്രണ്ട്,CHC, മലയിൻകീഴ് | ലഭ്യമല്ല | ഡോ.ഷീജ പി.കെ, പുത്തൻവിള വീട്, വടശ്ശേരിക്കോണം പി.ഒ, വർക്കല |
| 1-11 | ഡോ.എലിസബത്ത് ചീരൻ, മെഡിക്കൽ ഓഫീസർ,CHC, വിളപ്പിൽ | മെഡിക്കൽ ഓഫീസർ,CHC, വിളപ്പിൽ | ഡോ.എലിസബത്ത് ചീരൻ പുത്തൻവീട്ടിൽ ഉമ്പമൺ .പി.ഓ പത്തനംതിട്ട |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 1998-99 | നം.കെ.എസ്.എ.റ്റി.വി.എം.ബി.പി./304/18 തീയതി 16.02.2018 | 1 | |
| 2002-03 | നം.കെ.എസ്.എ.റ്റി.വി.എം.ബി.പി./305/18 തീയതി 16.02.2018 | 2 | |
| 2006-07 | നം.കെ.എസ്.എ.റ്റി.വി.എം.ബി.പി./306/18 തീയതി 16.02.2018 | 2 | |
| 2011-12 | നം.കെ.എസ്.എ.റ്റി.വി.എം.ബി.പി./307/18 തീയതി 16.02.2018 | 4 | |
| 2012-13 | നം.കെ.എസ്.എ.റ്റി.വി.എം.ബി.പി./308/18 തീയതി 16.02.2018 | 6 | |
| 2013-14 | നം.കെ.എസ്.എ.റ്റി.വി.എം.ബി.പി./309/18 തീയതി 16.02.2018 | 4 | |
| 2014-15 | നം.കെ.എസ്.എ.റ്റി.വി.എം.ബി.പി./310/18 തീയതി 16.02.2018 | 4 | |
| 2015-16 | നം.കെ.എസ്.എ.റ്റി.വി.എം.ബി.പി.1/245/18 തീയതി 18.02.2018 | 4 | |
| 2016-17 | നം.കെ.എസ്.എ.റ്റി.വി.എം.ബി.പി.1/1881/18 തീയതി 23.11.2018 | 11 | |
| 2017-18 | നം.കെ.എസ്.എ.റ്റി.വി.എം.ബി.പി.1/2668/2018 തീയതി 11.03.2019 | 18 | |
| 2018-19 | നം.കെ.എസ്.എ.റ്റി.വി.എം.ബി.പി.1/114/2020 തീയതി 03.03.2020 | 30 | |
| 2019-20 | നം.കെ.എസ്.എ.റ്റി.വി.എം.ബി.പി.1/1976/2020 തീയതി 04.03.2022 | 25 | |

ഒപ്പ്
ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
തിരുവനന്തപുരം

എസ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ നേമം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ നേമം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്